"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ കീഴ്‌റി ദേശത്ത് സർവ്വെ നമ്പർ 640/3ബി യിൽ ഉൾപ്പെട്ട 0.0105 ഹെക്ടർ ഭൂമി മലപ്പുറം ബാങ്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഓഫീസിലേയ്ക്കുള്ള വഴിയൊരുക്കുന്നതിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഓഫീസ് വിപുലീകരിയ്ക്കുന്നതിനുമായി പാട്ടത്തിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.341/2025/RD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. മലപ്പുറം ജില്ലാ കളക്ടറുടെ 03.07.2024 ലെ DCMPM/3540/2022-C2 നം. കത്ത്

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.10.2024 ലെ LR/6725/2024-LR(J5) നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ കീഴ്‌റി ദേശത്ത് സർവ്വെ നമ്പർ 640/3ബി യിൽ ഉൾപ്പെട്ട 0.0105 ഹെക്ടർ ഭൂമി മലപ്പുറം ബാങ്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഓഫീസിലേയ്ക്കുള്ള വഴിയൊരുക്കുന്നതിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഓഫീസ് വിപുലീകരിയ്ക്കുന്നതിനുമായി മൂന്ന് വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. മലപ്പുറം കുന്നുമ്മേൽ കെഎസ്ആർടിസി ബസ് ഡിപ്പോയ്ക്ക് വടക്കുവശം ചേർന്ന് കോട്ടക്കുന്ന് അമ്യൂസ്മെന്റ് പാർക്കിലേയ്ക്ക് പോകുന്ന മുൻസിപ്പൽ റോഡിൽ നിന്നും ഏകദേശം 120 മീറ്റർ മാറി സ്ഥിതി ചെയ്യുന്നതും, ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ കീഴ്‌റി ദേശത്ത് സർവ്വെ നമ്പർ 640 /3 ബി - യിൽ പെട്ടതുമായ 0.0105 ഹെക്ടർ അപേക്ഷാ ഭൂമിയിൽ എകദേശം 5 വർഷം പ്രായം വരുന്ന വട്ടമരവും 3 വർഷം പ്രായം ചെന്ന അടിഭാഗം പാതിമുറിഞ്ഞ പനയും മാത്രമാണുള്ളതെന്നും പ്രസ്തുത ഭൂമിയുടെ കിഴക്ക് പടിഞ്ഞാറ് വശങ്ങളിലായി 640/3 ബിയിൽപെട്ട റവന്യൂ പുറമ്പോക്കും വടക്കുവശത്തായി അമ്പലവും സ്ഥിതി ചെയ്യുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം മുൻസിപ്പൽ പ്രദേശമായതിനാൽ മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ പാട്ടനിരക്കുകൾ പ്രതിപാദിയ്ക്കുന്ന, 28.01.2016 ലെ ജി.ഒ.(പി)നം.64/2016/ആർഡി പ്രകാരം സഹകരണ സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും ബാധകമായ പ്രതിവർഷം കമ്പോളവിലയുടെ 2% നിരക്കിൽ പാട്ടത്തുക നിശ്ചയിച്ചിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ കീഴ്‌റി ദേശത്ത് സർവ്വെ നമ്പർ 640/3ബി യിൽ ഉൾപ്പെട്ട 0.0105 ഹെക്ടർ ഭൂമി മലപ്പുറം

ബാങ്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഓഫീസിലേയ്ക്കുള്ള വഴിയൊരുക്കുന്നതിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഓഫീസ് വിപുലീകരിക്കുന്നതിനുമായി നിലവിലുള്ള കമ്പോളവിലയുടെ 2% പാട്ടനിരക്കിൽ (55,440/-രൂപ വാർഷിക പാട്ടം) 3 വർഷത്തേയ്ക്ക് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവു;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ച് നിർത്തേണ്ട ചുമതല മലപ്പുറം ബാങ്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനായിരിക്കും.

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനു എസ് നായർ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
സെക്രട്ടറി, ബാങ്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (EXP-D3/101/2025-FIN)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (L1/25/2025-REV).

ഉത്തരവിൻ പ്രകാരം

Signed by Priya Vincent
Date: 22-12-2025 11:21:48
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്